**മധുരമായ കുട്ടികളേ- നിങ്ങളുടെ പഠിപ്പിന്റെ അടിസ്ഥാനം പവിത്രതയാണ്, പവിത്രത യുണ്ടെങ്കിൽ യോഗത്തിന് മൂർച്ചയുണ്ടാകും, യോഗത്തിന് മൂർച്ചയുണ്ടെങ്കിൽ വാക്കുക ളിൽ ശക്തിയുണ്ടാകും.**

**ചോദ്യം-** നിങ്ങൾ കുട്ടികൾക്ക് ഇപ്പോൾ പൂർണ്ണമായും ഏതൊരു പ്രയത്നമാണ് ചെയ്യേണ്ടത്?
**ഉത്തരം-** തലയിൽ വികർമ്മത്തിന്റെ ഭാരം എന്താണോ ഉള്ളത് അതിനെ ഇറക്കുന്നതിനുള്ള പരിപൂർണ്ണ പ്രയത്നം ചെയ്യണം. ബാബയുടേതായി മാറിയിട്ട് എന്തെങ്കിലും വികർമ്മം ചെയ്താൽ വളരെ വലിയ വീഴ്ചയുണ്ടാകും. ബി.കെ യെ നിന്ദ ചെയ്യിച്ചാൽ, എന്തെങ്കിലും ബുദ്ധിമുട്ട് ഉണ്ടാക്കി എങ്കിൽ വളരെ വലിയ പാപമായിത്തീരും. പിന്നീട് ജ്ഞാനം കേൾക്കുന്നതുകൊണ്ടോ കേൾപ്പിക്കുന്നതുകൊണ്ടോ ഒരു പ്രയോജനവുമില്ല.

**ഓം ശാന്തി.** ആത്മീയ അച്ഛൻ കുട്ടികൾക്ക് മനസ്സിലാക്കിത്തരികയാണ് അതായത് നിങ്ങൾക്ക് പതിത ത്തിൽ നിന്നും പാവനമായി പാവന ലോകത്തിന്റെ അധികാരിയായി എങ്ങനെ മാറാൻ സാധിക്കും! പാവ നലോകത്തെ സ്വർഗ്ഗം അഥവാ വിഷ്ണുപുരി, ലക്ഷ്മീ നാരായണന്റെ രാജ്യം എന്നാണ് പറയുന്നത്. വിഷ്ണു അർത്ഥം ലക്ഷ്മീ നാരായണന്റെ ചിത്രം കമ്പൈൻഡ് ആയി ഇങ്ങനെ ഉണ്ടാക്കിയതാണ്, അതിനാലാണ് മനസ്സിലാക്കിത്തരുന്നത്. അല്ലാതെ വിഷ്ണുവിന്റെ പൂജ ചെയ്യുന്ന സമയത്ത് ഇത് ആരാണ് എന്ന് മനസ്സി ലാക്കാൻ സാധിക്കില്ല. മഹാലക്ഷ്മിയുടെ പൂജ ചെയ്യുന്നുണ്ട് പക്ഷേ ഇത് ആരാണ് എന്നത് അറിയില്ല. ബാബ ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഭിന്ന ഭിന്ന രീതികളിൽ മനസ്സിലാക്കിത്തരികയാണ്. നല്ലരീതിയിൽ ധാരണ ചെയ്യൂ. പരമാത്മാവിന് എല്ലാം അറിയാം എന്ന് ചിലർ കരുതുന്നുണ്ട്. നമ്മൾ നല്ലതും മോശവു മായി എന്തെല്ലാം ചെയ്യുന്നുവോ അതെല്ലാം അറിയാം എന്ന് കരുതുന്നു. ഇപ്പോൾ ഇതിനെ അന്ധവിശ്വാ സത്തോടെയുള്ള ഭാവം എന്നേ പറയൂ. ഭഗവാന് ഈ കാര്യങ്ങളൊന്നും അറിയുകയേയില്ല. നിങ്ങൾ കുട്ടി കൾക്ക് അറിയാം ഭഗവാൻ പതിതരെ പാവനമാക്കി മാറ്റുന്നവരാണ്. പാവനമാക്കി മാറ്റി സ്വർഗ്ഗത്തിന്റെ അധികാരിയാക്കുന്നു പിന്നീട് ആര് നല്ല രീതിയിൽ പഠിച്ചോ അവർ ഉയർന്ന പദവി നേടും. എല്ലാവരു ടേയും മനസ്സ് അറിയുന്നയാളാണ് ഭഗവാൻ എന്ന് കരുതരുത്. എങ്കിൽ ഇതിനെ അവിവേകം എന്നാണ് പറ യുക. മനുഷ്യർ എന്ത് കർമ്മം ചെയ്യുന്നുവോ അത് നല്ലതായാലും മോശമായാലും അതിന്റെ ഫലം ഡ്രാമ അനുസരിച്ച് അവർക്ക് ലഭിക്കുകതന്നെ ചെയ്യും. ഇതിൽ ബാബയ്ക്ക് ഒരു ബന്ധവുമില്ല. ബാബയ്ക്ക് എല്ലാം അറിയാമല്ലോ എന്ന ചിന്ത ഒരിയ്ക്കലും വരരുത്. വികാരത്തിലേയ്ക്ക് പോയി, പാപകർമ്മങ്ങൾ ചെയ്ത് പിന്നെ ഇവിടേയ്ക്ക് അഥവാ സെന്ററിലേയ്ക്ക് വരുന്ന ഒരുപാടുപേരുണ്ട്. ബാബയ്ക്ക് അറിയാ മല്ലോ എന്ന് കരുതുന്നു. പക്ഷേ ബാബ പറയുന്നു ഞാൻ ഈ ജോലി ചെയ്യുന്നില്ല. എല്ലാം അറിയുന്നയാൾ എന്ന വാക്കുതന്നെ തെറ്റാണ്. നിങ്ങൾ ബാബയെ വന്ന് പതിതത്തിൽ നിന്നും പാവനമാക്കി മാറ്റൂ, സ്വർഗ്ഗ ത്തിന്റെ അധികാരിയാക്കി മാറ്റൂ എന്നുപറഞ്ഞ് വിളിക്കുന്നു എന്തുകൊണ്ടെന്നാൽ ജന്മ ജന്മാന്തരങ്ങളിലെ വളരെ അധികം പാപം തലയിലുണ്ട്. ഈ ജന്മത്തിലേതുമുണ്ട്. ഈ ജന്മത്തിലെ പാപങ്ങൾ പറയാറുമുണ്ട്. പാവനമായി മാറുന്നത് വളരെ ബുദ്ധിമുട്ടാകുന്ന തരത്തിലുള്ള ഒരുപാട് പാപങ്ങൾ ചെയ്തവരും ഒരുപാട് ഉണ്ട്. മുഖ്യമായത് പാവനമായി മാറുക എന്ന കാര്യമാണ്. പഠിപ്പ് വളരെ സഹജമാണ്, പക്ഷേ വികർമ്മങ്ങ ളുടെ ഭാരം എങ്ങനെ ഇറക്കാം ഇതിൽ പ്രയത്നിക്കണം. ഇങ്ങനെയും വളരെ അധികം ആളുകളുണ്ട് ഒരു പാട് പാപം ചെയ്യുന്നു, വളരെ അധികം ഡിസ്സർവ്വീസ് ചെയ്യുന്നു. ബ്രഹ്മകുമാരീസ് ആശ്രമത്തിന് ബുദ്ധി മുട്ടുണ്ടാക്കാൻ ശ്രമിക്കുന്നു. ഇതിലൂടെ വളരെ വലിയ പാപം ഉണ്ടാകും. ഈ പാപം ജ്ഞാനം നൽകുന്ന തിലൂടെ ഇല്ലാതാവില്ല. പാപം ഇല്ലാതാകുന്നത് യോഗത്തിലൂടെയാണ്. ആദ്യം യോഗത്തിനുള്ള പൂർണ്ണ പുരുഷാർത്ഥം ചെയ്യണം, അപ്പോൾ ആരിലെങ്കിലും അമ്പ് തറയ്ക്കാനും സാധിക്കും. ആദ്യം പവിത്രമാക ണം, യോഗമുണ്ടാകണം അപ്പോഴേ വാണിയ്ക്ക് മൂർച്ചയുണ്ടാകൂ. ഇല്ലെങ്കിൽ ആർക്ക് എത്ര മനസ്സിലാക്കി ക്കൊടുത്താലും ആരുടേയും ബുദ്ധിയിൽ കയറില്ല, അമ്പ് ലക്ഷ്യത്തിലെത്തില്ല. ജന്മ ജന്മാന്തരങ്ങളിലെ പാപമുണ്ടല്ലോ. ഇപ്പോൾ എന്ത് പാപമാണോ ചെയ്യുന്നത് അത് ജന്മ ജന്മാന്തരങ്ങളിലേതിനേക്കാളും കൂടു തലാകും അതിനാലാണ് പാടുന്നത് സദ്ഗുരുവിന്റെ നിന്ദകൻ..........ഇത് സത്യമായ അച്ഛൻ, സത്യമായ ടീച്ചർ, സദ്ഗുരുവാണ്. ബാബ പറയുന്നു ബി. കെയുടെ നിന്ദ ചെയ്യിക്കുന്നവരുടെ പാപവും വളരെ കൂടു തലാണ്. ആദ്യം സ്വയം പാവനമായി മാറൂ. ചിലർക്ക് മനസ്സിലാക്കിക്കൊടുക്കാൻ വളരെ താല്പര്യമുണ്ടാ കും. യോഗം കാശിനുപോലുമില്ല, ഇതിലൂടെ എന്ത് ഗുണമാണ്? ബാബ പറയുന്നു മുഖ്യമായ കാര്യം ഓർമ്മയിലൂടെ പാവനമായി മാറുക എന്നതാണ്. വിളിക്കുന്നതും പാവനമാക്കി മാറ്റണമെന്ന് പറഞ്ഞാണ്. ഭക്തിമാർഗ്ഗത്തിൽ ക്ഷീണിക്കുക, അനാവശ്യ ശബ്ദങ്ങളുണ്ടാക്കുക എന്നത് ശീലമായിരിക്കുന്നു. പ്രാർത്ഥന

നടത്തുന്നു പക്ഷേ ഭഗവാന് ചെവി എവിടെ, കാതില്ലാതെ, മുഖമില്ലാതെ, എങ്ങനെ പറയും എങ്ങനെ കേൾക്കും? ബാബ അവ്യക്തമാണ്, ഇതെല്ലാം അന്ധവിശ്വാസമാണ്.

ബാബയെ നിങ്ങൾ എത്ര ഓർമ്മിക്കുന്നുവോ അത്രയും പാപം ഇല്ലാതാകും. ഇവർ വളരെ അധികം ഓർമ്മിക്കുന്നുണ്ട്, ഇവർ കുറച്ചേ ഓർമ്മിക്കുന്നുള്ളു എന്നത് ബാബയ്ക്ക് അറിയാം എന്നല്ല, തന്റെ ചാർട്ട് സ്വയം തന്നെ നോക്കണം. ബാബ പറഞ്ഞിട്ടുണ്ട് ഓർമ്മയിലൂടെയേ വികർമ്മം വിനാശമാകൂ. ബാബയും നിങ്ങളോട് തന്നെയാണ് പറയുന്നത് അതായത് എത്ര ഓർമ്മിച്ചു? പെരുമാറ്റത്തിലൂടെയും അറിയാൻ കഴിയും. ഓർമ്മയില്ലാതെ പാപം ഇല്ലാതാകില്ല. പ്രധാന കാര്യം പാവനമായി മാറുക എന്നതാണ്. ബാബ പറയുന്നു എന്റേതായി മാറിയെങ്കിൽ ഒരു പാപവും ചെയ്യരുത്. ഇല്ലെങ്കിൽ വളരെ വലിയ വീഴ്ചയുണ്ടാകും. എനിക്ക് നല്ല പദവി പ്രാപ്തമാക്കാൻ സാധിക്കും എന്ന് പ്രതീക്ഷ വെയ്ക്കാൻ പോലും സാധിക്കില്ല. പ്രദർശിനികളിൽ ഒരുപാടുപേർക്ക് മനസ്സിലാക്കിക്കൊടുത്തുകഴിഞ്ഞാൻ ഞാൻ ഒരുപാട് സേവനം ചെയ്തു എന്നു പറഞ്ഞ് സന്തോഷിക്കുന്നു. പക്ഷേ ബാബ പറയുന്നു ആദ്യം നിങ്ങൾ പാവനമായി മാറൂ. ബാബയെ ഓർമ്മിക്കൂ. ഓർമ്മയിൽ വളരെ അധികം പേർ പരാജയപ്പെടുന്നു. ജ്ഞാനം വളരെ സഹജമാണ്, കേവലം 84 ജന്മങ്ങളെ അറിയണം, ആ പഠിപ്പിൽ എത്ര പുസ്തകങ്ങൾ പഠിക്കുന്നു, പരിശ്രമിക്കുന്നു. സമ്പാദിക്കുന്നുണ്ടോ? പഠിച്ച് പഠിച്ച് മരിച്ചുപോയാൽ പഠിപ്പ് അവസാനിച്ചു. നിങ്ങൾ കുട്ടികൾ എത്ര ഓർമ്മിക്കുന്നുവോ അത്രയും ധാരണയുണ്ടാകും. പവിത്രമായി മാറുന്നില്ല, പാപം വിനാശമാക്കുന്നില്ല എങ്കിൽ വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. നമ്മുടെ ഓർമ്മ ബാബയിൽ എത്തുന്നുണ്ട് എന്നല്ല. ബാബ എന്തു ചെയ്യാനാണ്! നിങ്ങൾ ഓർമ്മിച്ചാലേ നിങ്ങൾ പാവനമാകൂ, ബാബ ഇതിൽ എന്തു ചെയ്യും, എന്താ സബാഷ് നൽകുമോ. ഞാൻ ബാബയെ സദാ ഓർമ്മിക്കുന്നുണ്ട്, ബാബയല്ലാതെ എനിക്ക് ആരാണ് ഉള്ളത്? ഇങ്ങനെ പറയുന്ന ഒരുപാട് കുട്ടികളുണ്ട്. ഇതും പൊങ്ങച്ചം പറച്ചിലാണ്. ഓർമ്മിക്കുക വളരെ പരിശ്രമമാണ്. ഞാൻ ഓർമ്മിക്കുന്നുണ്ടോ അതോ ഇല്ലയോ എന്നത് പോലും മനസ്സിലാക്കാൻ സാധിക്കില്ല. അറിയാതെ തന്നെ ഞാൻ ഓർമ്മിക്കുന്നുണ്ട് എന്ന് പറയുന്നു. പരിശ്രമിക്കാതെ ആർക്കും വിശ്വത്തിന്റെ അധികാരിയാവാൻ സാധിക്കില്ല. ഉയർന്ന പദവി നേടാൻ സാധിക്കില്ല. ഓർമ്മയിലൂടെ എപ്പോൾ മൂർച്ചയുണ്ടാകുന്നുവോ അപ്പോഴേ സേവനം ചെയ്യാൻ സാധിക്കൂ. പിന്നീട് എത്ര സേവനം ചെയ്ത് പ്രജകളെ ഉണ്ടാക്കി എന്നത് നോക്കണം. കണക്ക് വേണമല്ലോ. ഞാൻ എത്ര പേരെ തനിക്കുസമാനമാക്കി മാറ്റി. പ്രജകളെ ഉണ്ടാക്കണമല്ലോ അപ്പോഴേ രാജാവാകാൻ പറ്റൂ. ഇപ്പോൾ അത് ഒന്നുമില്ല. യോഗത്തിൽ ഇരിക്കണം, മൂർച്ചയുണ്ടാകണം അപ്പോഴേ പൂർണ്ണമായും അമ്പ് ലക്ഷ്യത്തിൽ തറയ്ക്കൂ. ശാസ്ത്രങ്ങളിലും ഉണ്ടല്ലോ– അവസാനം ഭീഷ്മ പിതാമഹൻ, ദ്രോണാചാര്യർ എന്നിവർക്ക് ജ്ഞാനം നൽകി. എപ്പോൾ നിങ്ങളുടെ പതിതത്വം നീങ്ങുന്നുവോ സതോപ്രധാനസ്ഥിതി കൈവരുന്നുവോ അപ്പോഴേ മൂർച്ചയുണ്ടാകൂ അപ്പോൾ പെട്ടെന്ന് അമ്പ് ലക്ഷ്യത്തിൽ തറയ്ക്കും. ബാബയ്ക്ക് എല്ലാം അറിയാം എന്ന് ഒരിയ്ക്കലും ചിന്തിക്കരുത്. ബാബയ്ക്ക് അറിയേണ്ട ആവശ്യമെന്താണ്, ആര് ചെയ്യുന്നോ അവർ നേടും. ബാബ സാക്ഷിയായി നോക്കിക്കൊണ്ടിരിക്കുന്നു. ബാബയ്ക്ക് എഴുതും ഞങ്ങൾ ഇന്ന സ്ഥലത്തുപോയി സേവനം ചെയ്തു, ബാബ ചോദിക്കും ആദ്യം നിങ്ങൾക്ക് ഓർമ്മയുടെ യാത്ര ചെയ്യാൻ താല്പര്യമുണ്ടോ? ആദ്യത്തെ കാര്യം തന്നെ ഇതാണ്– മറ്റു സംഗങ്ങൾ ഉപേക്ഷിച്ച് ഒന്നിന്റെ സംഗത്തിൽ ഇരിക്കുക. ദേഹീ അഭിമാനിയാവണം. വീട്ടിൽ ഇരുന്നുകൊണ്ടും മനസ്സിലാക്കണം ഇത് പഴയ ലോകമാണ്, പഴയ ദേഹമാണ്. ഇതെല്ലാം നശിക്കാനുള്ളതാണ്. നമുക്ക് ബാബയും സമ്പത്തുമായിട്ടാണ് കാര്യം. വീട്ടിൽ ഇരിക്കണ്ട, ആരോടും സംസാരിക്കണ്ട എന്നല്ല ബാബ പറയുന്നത്. ബാബയോട് ചോദിക്കും വിവാഹത്തിനുപോകട്ടേ? ബാബ പറയും തീർച്ചയായും പോകൂ. അവിടെ ചെന്നും സേവനം ചെയ്യൂ. ബുദ്ധിയുടെ യോഗം ശിവബാബയുമായിട്ടാവണം. ജന്മ ജന്മാന്തരങ്ങളിലെ പാപം ഓർമ്മയുടെ ബലത്തിലൂടെയേ ഇല്ലാതാവൂ. അഥവാ ഇവിടെയും വികർമ്മം ചെയ്യുകയാണെങ്കിൽ വളരെ അധികം ശിക്ഷകൾ അനുഭവിക്കേണ്ടതായി വരും. പാവനമായി മാറി മാറി പിന്നീട് വികാരത്തിലേയ്ക്ക് വീണാൽ മരിച്ചു. തീർത്തും കഷ്ണം–കഷ്ണമായി മാറും. ശ്രീമതത്തിലൂടെ നടക്കാതെ വളരെ അധികം നഷ്ടം ഉണ്ടാക്കുന്നു. ഓരോ ചുവടിലും ശ്രീമതം ആവശ്യമാണ്. യോഗം ചെയ്യാൻ പറ്റാത്ത തരത്തിലുള്ള പാപങ്ങളാണ് ചെയ്യുന്നത്. ഓർമ്മിക്കാൻ പറ്റില്ല. ആരോടെങ്കിലും ചെന്ന് പറയും– ഭഗവാൻ വന്നിരിക്കുന്നു, അവരിൽ നിന്നും സമ്പത്ത് എടുക്കൂ, അപ്പോൾ അവർ അംഗീകരിക്കുകയില്ല. അമ്പ് തറയ്ക്കില്ല. ബാബ പറഞ്ഞിട്ടുണ്ട് ഭക്തരെ ജ്ഞാനം കേൾപ്പിക്കൂ, വ്യർത്ഥം ആർക്കും നൽകരുത്, ഇല്ലെങ്കിൽ കൂടുതൽ നിന്ദ ചെയ്യിക്കും.

പല കുട്ടികളും ബാബയോട് ചോദിക്കുന്നു– ബാബാ ഞങ്ങൾക്ക് ദാനം നൽകുന്ന ശീലമുണ്ട്, ഇപ്പോഴാണെങ്കിൽ ജ്ഞാനത്തിലേയ്ക്ക് വന്നു, ഇനി എന്ത് ചെയ്യണം? ബാബ വഴി പറഞ്ഞുതരുന്നു– കുട്ടികളേ, പാവങ്ങൾക്ക് ദാനം നൽകുന്നവർ ഒരുപാടുണ്ട്. പാവങ്ങൾ ആരും വിശന്ന് മരിക്കുന്നില്ല, യാചകരുടെ

പക്കൽ ഒരുപാട് പൈസയുണ്ടാകും അതിനാൽ ഈ കാര്യങ്ങളിൽ നിന്നെല്ലാം നിങ്ങളുടെ ബുദ്ധി വേറിടണം. ദാനം ചെയ്യുന്ന കാര്യത്തിലും വളരെ ശ്രദ്ധ വേണം. വളരെ അധികം പേർ ഇങ്ങനെയുള്ള കാര്യങ്ങളാണ് ചെയ്യുന്നത് കാര്യം ചോദിക്കുകയേ വേണ്ട പക്ഷേ എന്നിട്ടും തന്റെ തലയിലെ ഭാരം വർദ്ധിക്കുകയാണെന്ന് സ്വയം മനസ്സിലാക്കുന്നില്ല. ജ്ഞാനമാർഗ്ഗം കളി തമാശയ്ക്കുള്ള മാർഗ്ഗമല്ല. ബാബയോടൊപ്പം ധർമ്മരാജനുമുണ്ട്. ധർമ്മരാജനിൽ നിന്നും വളരെ അധികം അടി കൊള്ളേണ്ടിവരും. അവസാനം ധർമ്മരാജൻ കണക്ക് പുസ്തകം എടുക്കുമ്പോൾ അറിയാൻ കഴിയും എന്ന് പറയാറുണ്ടല്ലോ. ജന്മ ജന്മാന്തരങ്ങളിലേയ്ക്കുള്ള ശിക്ഷ അനുഭവിക്കുന്നതിന് സമയം എടുക്കില്ല. ബാബ കാശി കൽവർട്ടിന്റെ ഉദാഹരണവും മനസ്സിലാക്കിത്തന്നു. അത് ഭക്തിമാർഗ്ഗമാണ്, ഇത് ജ്ഞാനമാർഗ്ഗമാണ്. മനുഷ്യരെപ്പോലും ബലി നൽകുന്നു, ഇതും ഡ്രാമയിൽ ഉള്ളതാണ്. ഈ കാര്യങ്ങളെ മുഴുവൻ അറിയണം, ഈ ഡ്രാമ എന്തിനാണ് ഉണ്ടാക്കിയത്, ചക്രത്തിലേയ്ക്ക് കൊണ്ടുവന്നത് എന്തിനാണ് ? അങ്ങിനെയല്ല, ചക്രത്തിൽ വന്നുകൊണ്ടേയിരിക്കും. ഇത് അനാദിയായ ഡ്രാമയല്ലേ. ചക്രത്തിൽ വരുന്നില്ലെങ്കിൽ ലോകം തന്നെ ഉണ്ടാവില്ല. മോക്ഷം ഉണ്ടാകുന്നില്ല. മുഖ്യമായവർക്കും മോക്ഷം ലഭിക്കുകയില്ല. 5000 വർഷങ്ങൾക്ക് ശേഷം വീണ്ടും ഇതേപോലെ ചക്രം കറങ്ങും. ഇത് ഡ്രാമയല്ലേ. ആർക്കെങ്കിലും മനസ്സിലാക്കിക്കൊടുക്കുന്നതിലൂടെ, മുരളി വായിക്കുന്നതിലൂടെ മാത്രം പദവി ലഭിക്കില്ല, ആദ്യം പതിതത്തിൽ നിന്നും പാവനമായി മാറണം. ബാബയ്ക്ക് എല്ലാം അറിയാമല്ലോ എന്നല്ല. ബാബ അറിഞ്ഞാലും എന്തുചെയ്യും, ആദ്യം നിങ്ങളുടെ ആത്മാവാണ് അറിയുന്നത് ശ്രീമത്തിലൂടെ ഞാൻ എന്താണ് ചെയ്യുന്നത്, എത്രത്തോളം ബാബയെ ഓർമ്മിക്കുന്നുണ്ട്? ബാബ ഇരുന്ന് ഇതെല്ലാം അറിഞ്ഞു, ഇതിലൂടെ എന്ത് ഉപകാരമാണ്? നിങ്ങൾ എന്തെല്ലാം ചെയ്യുന്നോ അതിന് അനുസരിച്ച് നിങ്ങൾ നേടും. ബാബ നിങ്ങളുടെ കർമ്മങ്ങളിലൂടെയും സേവനത്തിലൂടെയും മനസ്സിലാക്കും– ഈ കുട്ടി നല്ല സേവനം ചെയ്യുന്നുണ്ട്. ഇന്നയാൾ ബാബയുടേതായി മാറിയിട്ട് വളരെ അധികം വികർമ്മം ചെയ്തുവെങ്കിൽ അവരുടെ മുരളിയിൽ മൂർച്ചയുണ്ടാവില്ല. ഈ ജ്ഞാനം വാളാണ്. ഇതിൽ ഓർമ്മയുടെ ബലമാകുന്ന മൂർച്ചവേണം. യോഗബലത്തിലൂടെ നിങ്ങൾ വിശ്വത്തിനുമേൽ വിജയം പ്രാപ്തമാക്കുന്നു, ബാക്കി ജ്ഞാനത്തിലൂടെ പുതിയ ലോകത്തിൽ ഉയർന്ന പദവി നേടും. ആദ്യം പവിത്രമായി മാറണം, പവിത്രമായി മാറാതെ ഉയർന്ന പദവി നേടാൻ പറ്റില്ല. ഇവിടെ വരുന്നത് നരനിൽ നിന്നും നാരായണനായി മാറാനാണ്. പതിതർക്ക് നരനിൽ നിന്നും നാരായണനായി മാറാൻ കഴിയുമോ. പാവനമായി മാറുന്നതിനുള്ള യുക്തി പൂർണ്ണമായും വേണം. വിശേഷപ്പെട്ട കുട്ടികൾ ആരാണോ സെന്റർ പരിപാലിക്കുന്നത് അവർക്ക് വളരെ അധികം പരിശ്രമിക്കണം, ഇത്രയും പരിശ്രമം ചെയ്യുന്നില്ല അതിനാൽ ആ മൂർച്ച വരുന്നില്ല, ലക്ഷ്യത്തിൽ എത്തുന്നില്ല, ഓർമ്മയുടെ യാത്ര എവിടെ! പ്രദർശിനികളിൽ ഒരുപാടുപേർക്ക് മനസ്സിലാക്കിക്കൊടുക്കുക മാത്രം ചെയ്യുന്നു, ആദ്യം ഓർമ്മയിലൂടെ പവിത്രമായി മാറണം പിന്നെയാണ് ജ്ഞാനം. പാവനമായി മാറിയാൽ ജ്ഞാനത്തിന്റെ ധാരണയുണ്ടാകും. പതിതർക്ക് ധാരണയുണ്ടാവുകയില്ല. മുഖ്യമായ സബ്ജക്ട് ഓർമ്മയുടേതാണ്. ആ പഠിപ്പിലും സബ്ജക്ട്സ് ഉണ്ടാവുമല്ലോ. നിങ്ങളുടെ മുന്നിൽ ബി. കെയാവുന്നു പക്ഷേ ബ്രഹ്മാകുമാരനും– കുമാരിയുമാവുക, സഹോദരി സഹോദരനാവുക എന്നത് അമ്മായിയുടെ വീട്ടിൽ പോകുന്നത് പോലെയല്ല. പറയാൻ വേണ്ടി മാത്രം ആവരുത്. ദേവതയായി മാറുന്നതിന് ആദ്യം പവിത്രമായി മാറണം. പിന്നീടാണ് പഠിപ്പ്. പഠിപ്പ് മാത്രമേയുള്ളു പവിത്രമായി മാറുന്നില്ല എങ്കിൽ ഉയർന്ന പദവി നേടാൻ സാധിക്കില്ല. ആത്മാവ് പവിത്രമാകണം. പവിത്രമാണെങ്കിലേ പവിത്രമായ ലോകത്തിൽ ഉയർന്ന പദവി നേടാൻ സാധിക്കൂ. പവിത്രതയ്ക്കാണ് ബാബ പ്രാധാന്യം നൽകുന്നത്. പവിത്രതയില്ലാതെ ആർക്കും ജ്ഞാനം ദാനം നൽകാൻ സാധിക്കില്ല. ബാക്കി ഒന്നും ബാബ കാണുന്നില്ല. സ്വയം ഇരിക്കുന്നുണ്ടല്ലോ, എല്ലാ കാര്യങ്ങളും മനസ്സിലാക്കിത്തരുന്നു. ഭക്തിമാർഗ്ഗത്തിൽ ഭാവനയ്ക്കുള്ള ഫലം ലഭിക്കുന്നു. അതും ഡ്രാമയിൽ ഉള്ളതാണ്, ശരീരമില്ലാതെ ബാബ എങ്ങനെ സംസാരിക്കും? എങ്ങനെ കേൾക്കും? ആത്മാവിന് ശരീരമുണ്ട് അതിനാലാണ് കേൾക്കുന്നത്, സംസാരിക്കുന്നത്. എനിക്ക് ശരീരമേയില്ല പിന്നെ ഞാൻ എങ്ങനെ കേൾക്കും, എങ്ങനെ അറിയും? ഞാൻ വികാരത്തിലേയ്ക്ക് പോകുന്നത് ബാബയ്ക്ക് അറിയാം എന്ന് കരുതുന്നു. അഥവാ അറിയുന്നില്ലെങ്കിൽ ഭഗവാനാണ് എന്നതുതന്നെ അംഗീകരിക്കില്ല. ഇങ്ങനെയും വളരെപ്പേരുണ്ട്. ബാബ പറയുന്നു ഞാൻ വന്നത് നിങ്ങൾക്ക് പാവനമായി മാറുന്നതിനുള്ള വഴി പറഞ്ഞുതരാനാണ്. സാക്ഷിയായി കാണുന്നു. കുട്ടികളുടെ പെരുമാറ്റത്തിൽ നിന്നും അറിയാൻ കഴിയും– ഇത് സൽപുത്രനാണോ അതോ കുപുത്രനാണോ? സേവനത്തിന്റെ തെളിവും വേണം. ഇതും അറിയാം ആര് ചെയ്യുന്നോ അവർ നേടും. ശ്രീമതത്തിലൂടെ നടക്കുന്നുവെങ്കിൽ ശ്രേഷ്ഠമായി മാറും. നടക്കുന്നില്ലെങ്കിൽ സ്വയം മോശമായി വീണുപോകും. എന്ത് കാര്യമുണ്ടെങ്കിലും വ്യക്തമായി ചോദിക്കൂ. ഇത് പാപാത്മാക്കളുടെ ലോകമാണ്, സത്യയുഗമാണ് പുണ്യാത്മാക്കളുടെ ലോകം. ഇത് സംഗമമാണ്. ആരെങ്കിലും ഡള്ളാണെങ്കിൽ ധാരണ ചെയ്യാൻ സാധിക്കില്ല. ബാബയെ ഓർമ്മിക്കാൻ സാധിക്കില്ല. പിന്നീട് വളരെ വൈകിപ്പോകും, വൈക്കോൽ കൂനയ്ക്ക് തീ പിടിക്കും പിന്നെ ഓർമ്മിക്കാനും സാധിക്കില്ല. ആ സമയത്ത് അയ്യോ അയ്യോ എന്ന നിലവിളി മുഴങ്ങും. വളരെ അധികം ദുഃഖങ്ങളുടെ പർവ്വതം

തന്നെ വീഴാനുണ്ട്. എനിക്ക് എന്റെ രാജ്യഭാഗ്യം ബാബയിൽ നിന്നും എടുക്കണം എന്ന ചിന്ത വേണം. ദേഹാഭിമാനത്തെ ഉപേക്ഷിച്ച് സേവനത്തിൽ മുഴുകണം. കല്യാണകാരിയായി മാറണം. ധനത്തെ വ്യർത്ഥ മാക്കരുത്. ആരാണോ യോഗ്യരല്ലാത്തത് അങ്ങനെയുള്ള പതിതർക്ക് ദാനം നൽകരുത്, ഇല്ലെങ്കിൽ ദാനം നൽകിയവരിലും പാപം വരും. ഭഗവാൻ വന്നൂ എന്ന് പെരുമ്പറ മുഴക്കണം എന്നല്ല. ഇങ്ങനെ ഭഗവാൻ എന്ന് പറയുന്നവർ ഭാരതത്തിൽ അനേകമുണ്ട്. ആരും അംഗീകരിക്കില്ല. ഇത് നിങ്ങൾക്ക് അറിയാം നിങ്ങൾക്ക് പ്രകാശം ലഭിച്ചിരിക്കുന്നു. ശരി!

വളരെക്കാലത്തെ വേർപാടിനുശേഷം തിരികെക്കിട്ടിയ മധുര മധുരമായ സന്താനങ്ങൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹ സ്മരണകളും പുലർകാല വന്ദനവും. ആത്മീയ പിതാവിന്റെ ആത്മീയ കുട്ടികൾക്ക് നമസ്ക്കാരം.

### ധാരണയ്ക്കുള്ള മുഖ്യസാരം-

1) പഠിപ്പിനോടൊപ്പം തീർച്ചയായും പാവനമായും മാറണം. യോഗ്യനും സൽപുത്രനുമായി മാറി സേവനത്തിന്റെ തെളിവ് നൽകണം. ശ്രീമതം അനുസരിച്ച് സ്വയം ശ്രേഷ്ഠമായി മാറണം.

2) സ്ഥൂലധനത്തെ വ്യർത്ഥമാക്കരുത്. പതിതർക്ക് ദാനം നൽകരുത്. ജ്ഞാനധനവും പാത്രം നോക്കി വേണം ദാനം നൽകാൻ.

## വരദാനം:- പഴയ സംസ്കാരങ്ങളുടെ അഗ്നി സംസ്കാരം നടത്തുന്ന സത്യമായ മർജീവയായി ഭവിക്കട്ടെ.

മരിച്ച ശേഷം ശരീരത്തിന്റെ സംസ്കാരം നടത്തുമ്പോൾ നാമവും രൂപവും സമാപ്തമാകുന്നു, അതേപോലെ താങ്കൾ കുട്ടികൾ എപ്പോൾ മർജീവയാകുന്നുവോ അപ്പോൾ ശരീരം അത് തന്നെയായിരിക്കും പക്ഷെ പഴയ സംസ്കാരങ്ങളുടെയും സ്മൃതികളുടെയും സ്വഭാവങ്ങളുടെയും സംസ്കാരം നടത്തുന്നു. സംസ്കാരം നടത്തിയ മനുഷ്യർ പിന്നീട് മുന്നിൽ പ്രത്യക്ഷപ്പെട്ടാൽ അവരെ ഭൂതമെന്നാണ് പറയുക. അതേപോലെ ഇവിടെയും ഏതെങ്കിലും സംസ്കാരം നടത്തിയ സംസ്കാരം പ്രത്യക്ഷപ്പെട്ടാൽ അതും മായയുടെ ഭൂതമാണ്. ഈ ഭൂതങ്ങളെ ഓടിക്കൂ, ഇവയുടെ വർണ്ണന പോലും ചെയ്യരുത്.

## സ്ലോഗൻ:- കർമ്മഭോഗത്തിന്റെ വർണ്ണന ചെയ്യുന്നതിന് പകരം കർമ്മയോഗത്തിന്റെ സ്ഥിതിയുടെ വർണ്ണന ചെയ്തുകൊണ്ടിരിക്കൂ.

**അവ്യക്ത സൂചനകൾ- സങ്കൽപങ്ങളുടെ ശക്തി സംഭരിച്ച് ശ്രേഷ്ഠ സേവനത്തിന് നിമിത്തമാകൂ.**
രാജാവ് സ്വയം കാര്യങ്ങളൊന്നും ചെയ്യാറില്ല, ചെയ്യിക്കാറാണ് പതിവ്, ചെയ്യുന്ന രാജ്യസേവകർ വേറെയായിരിക്കും. അഥവാ രാജ്യ സേവകർ ശരിയല്ലെങ്കിൽ രാജ്യം അലങ്കോലപ്പെടും. അതേപോലെ ആത്മാവും ചെയ്യിപ്പിക്കുന്നവനാണ്, ചെയ്യുന്നവർ ഈ വിശേഷ ത്രിമൂർത്തി ശക്തികളാണ്( മനസ്സ്-ബുദ്ധി-സംസ്കാരം). ആദ്യം ഇവയുടെ മേൽ ഭരിക്കാനുള്ള ശക്തി വേണം അപ്പോൾ ഈ സാകാര കർമ്മേന്ദ്രിയങ്ങൾ സ്വതവേ ശരിയായ വഴിയിലൂടെ നടക്കും.